# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1689** — **03/05/2017-ൽ മറുപടിക്ക്**

## ഹൃദയശസ്ത്രക്രിയയ്ക്ക് ഉപയോഗിക്കുന്ന സ്റ്റെന്റുകൾ

**ചോദ്യം**

**ശ്രീ.ഷാഫി പറമ്പിൽ**
**,, അട്ടൂർ പ്രകാശ്**
**,, കെ.സി.ജോസഫ്**
**,, ഹൈബി ഈഡൻ**

**മറുപടി**

**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | ഹൃദയശസ്ത്രക്രിയയ്ക്ക് ഉപയോഗിക്കുന്ന സ്റ്റെന്റുകളുടെ വില നിജപ്പെടുത്തി നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റി വിജ്ഞാപനം പുറപ്പെടുവിച്ച ഫെബ്രുവരി 13 ന് ശേഷവും സ്റ്റെന്റിന് ഉയർന്ന വില പല സ്വകാര്യ ആശുപത്രികളും ഈടാക്കുന്നുവെന്ന പരാതി ലഭിച്ചിട്ടുണ്ടോ; | എ) | ഉണ്ട്. ഇത്തരത്തിലുള്ള ഒരു പരാതി എൻ.പി.പി.എ-യ്ക്ക് നേരിട്ട് ലഭിച്ചത് ഡ്രഗ്സ് കൺട്രോൾ വകുപ്പിന് അയച്ചു തന്നിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ വകുപ്പ് നടത്തിയ അന്വേഷണത്തിൽ പ്രസ്തുത ആശുപത്രി, സ്റ്റെന്റിന് നിശ്ചയിച്ചിട്ടുള്ള സീലിംഗ് പ്രൈസ് തന്നെയാണ് ഈടാക്കിയിട്ടുള്ളതെന്ന് അറിയാൻ കഴിഞ്ഞു. ആയത് എൻ.പി.പി.എ-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br>ഇതു കൂടാതെ പ്രസ്തുത വിഷയത്തിൽ ഡ്രഗ്സ് കൺട്രോൾ വകുപ്പ് നടത്തിയ പരിശോധനകളിൽ സംസ്ഥാനത്തെ രണ്ട് സ്വകാര്യ ആശുപത്രികൾ, സ്റ്റെന്റിന് വില നിയന്ത്രണം വന്നതിനു ശേഷവും അധികതുക ഈടാക്കിയതായി കണ്ടെത്തിയിരുന്നു. എന്നാൽ ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ സമയബന്ധിതമായ ഇടപെടൽ മൂലം അധികമായി ഈടാക്കിയ തുക പ്രസ്തുത ആശുപത്രികൾ രോഗികൾക്ക് തിരിച്ചു നൽകിയിട്ടുണ്ട്. |
| ബി) | വിലനിയന്ത്രണത്തിന് ശേഷവും ചില സ്വകാര്യ ആശുപത്രികൾ സ്റ്റെന്റിന്റെ വില പ്രത്യേകമായി ബില്ലിൽ രേഖപ്പെടുത്താതെ കൺസ്യൂമബിൾ എന്ന പേരിൽ ഉയർന്ന നിരക്ക് ഈടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിന് എന്ത് നടപടി സ്വീകരിച്ചു; | ബി) & സി) | സ്റ്റെന്റുകളുടെ വില നിയന്ത്രണം നിലവിൽ വന്നതോടെ ലാഭത്തിലുണ്ടായ കുറവ് നികത്താനായി ശസ്ത്രക്രിയാ ചാർജ്ജുകൾ, ചികിത്സയ്ക്കാവശ്യമായ മറ്റ് ഘടകങ്ങൾ എന്നിവയുടെ നിരക്കുകൂട്ടുന്നതിലേക്കായി ചില ആശുപത്രികളുടെ ഭാഗത്തു നിന്നും നീക്കം നടക്കുന്നത് സംബന്ധിച്ച പത്ര ദൃശ്യമാധ്യമ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിലും ഇത് സംബന്ധിച്ച പരാതികളൊന്നും |
| സി) | വില നിയന്ത്രണം മറി കടക്കാനായി ഫെബ്രുവരി 13 ന് ശേഷം ഡോക്ടർ ഫീസും, | | |

കാത്ത് ലാബ് ഫീസും അമിതമായി വർദ്ധിപ്പിച്ച് രോഗികളെ കൊള്ളയടിക്കുന്ന സ്വകാര്യ ആശുപത്രികൾക്കെതിരെ കർശന നടപടി സ്വീകരിക്കുമോ?

ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ ലഭിച്ചിട്ടില്ല.

എന്നാൽ ചികിത്സക്കാവശ്യമായ മറ്റ് ഘടകങ്ങളുടെ നിരക്ക് കൂട്ടി സ്റ്റെന്റിന്റെ വിലക്കുറവ് മൂലം ലാഭത്തിലുണ്ടായ കുറവ് പരിഹരിക്കുവാൻ ചില ആശുപത്രികൾ ശ്രമിക്കുന്നതായി ആരോപണമുയർന്ന സാഹചര്യത്തിൽ പ്രസ്തുത ഉൽപ്പന്നങ്ങളുടെ സുഗമമായ വിതരണ-ഉപഭോഗം ഉറപ്പുവരുത്തുന്ന-തിലേക്കായും നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള വിലയ്ക്ക് പ്രസ്തുത ഉൽപ്പന്നങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാകുന്നതിനായും സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വിഭാഗം അതീവ ജാഗ്രത പുലർത്തി പരിശോധനകൾ കർശനമാക്കിയിട്ടുണ്ട്. വില നിയന്ത്രണം മറികടന്ന് വിൽപ്പന നടത്തുന്നതായി ശ്രദ്ധയിൽപ്പെടുന്ന പക്ഷം നിയമം ലംഘിക്കുന്നവർക്കെതിരെ അവശ്യ വസ്തു നിയമം (ESSENTIAL COMMODITIES ACT) അനുശാസിക്കുന്ന പ്രകാരം നടപടി എടുക്കുന്നതാണ്. കൂടാതെ വിലനിയന്ത്രണം മറികടക്കുന്ന നിർമ്മാതാക്കളുടെ വിശദാംശങ്ങൾ അനന്തരനടപടികൾക്കായി ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റിയെ അറിയിക്കുന്നതുമാണ്.

ഇതു കൂടാതെ, സ്റ്റെന്റ് ഉപയോഗിച്ചു-കൊണ്ടുള്ള ഹൃദയ ശസ്ത്രക്രിയാ രീതികൾ പിൻതുടരുന്ന ആശുപത്രികൾ/ നഴ്സിംഗ് ഹോമുകൾ/ക്ലിനിക്കുകൾ എന്നിവ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന രോഗി-കൾക്ക് നൽകുന്ന ബില്ലുകളിൽ കൊറോണറി സ്റ്റെന്റിന്റെ വില, ബ്രാൻഡ് നെയിം, ബാച്ച് നമ്പർ, നിർമ്മാതാവ്/ ഇംപോർട്ടറുടെ പേര് എന്നീ വിശദാംശങ്ങൾ പ്രത്യേകം രേഖപ്പെടു-ത്താനും നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ